**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3264** **11-03-2025 - ൽ മറുപടിയ്ക്ക്**

**പാഠ്യപദ്ധതി-മൂല്യനിർണ്ണയ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതിയിൽ മാറ്റം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണ നടപടികൾ 2022 ൽ ആരംഭിക്കുകയുണ്ടായി. 2023 ൽ പ്രീസ്കൂൾ വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം എന്നിങ്ങനെ 4 പാഠ്യപദ്ധതി ചട്ടക്കൂടുകൾ വികസിപ്പിക്കുകയുണ്ടായി. പാഠ്യപദ്ധതി ചട്ടക്കൂടിന്റെ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്ന പ്രവർത്തനം ആരംഭിച്ചു. 1, 3, 5, 7, 9 ക്ലാസുകളിലെ പരിഷ്കരിച്ച പാഠപുസ്തകങ്ങൾ 2024-25 അധ്യയന വർഷത്തിൽ നടപ്പാക്കി. 2, 4, 6, 8, 10 ക്ലാസുകളിലെ പരിഷ്കരിച്ച പാഠപുസ്തകങ്ങൾ 2025-26 അധ്യയനവർഷത്തിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ പിന്തുടരുന്ന നിരന്തര മൂല്യനിർണ്ണയ സമ്പ്രദായം കൂടുതൽ ശാസ്ത്രീയവും വസ്തുനിഷ്ഠവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | പൊതുവിദ്യാഭ്യാസ വകുപ്പ് 'സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി'യുടെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിൽ പിന്തുടരുന്ന നിരന്തര വിലയിരുത്തൽ കൂടുതൽ ശാസ്ത്രീയവും വസ്തുനിഷ്ഠവുമാക്കുന്നതിനുള്ള മാർഗരേഖ തയ്യാറാക്കുന്ന അക്കാദമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വിദ്യാർഥികളുടെ പഠനത്തിന്റെ മികവ് നിർണ്ണയിക്കുന്നതിൽ വികാസപ്രദ/ നിരന്തരവിലിയിരുത്തൽ പ്രധാന പങ്ക് വഹിക്കുന്നു. ആത്യന്തിക വിലയിരുത്തലും പഠനപ്രക്രിയയോടൊപ്പം നടക്കുന്ന വികാസപ്രദ വിലയിരുത്തലും ചേർന്നതാണ് നിലവിലുള്ള വിലയിരുത്തൽ സമ്പ്രദായം. ഈ സമ്മിശ്ര സമീപനത്തിലൂടെ ഓരോ വിഷയവുമായി ബന്ധപ്പെട്ട ആശയങ്ങൾ, ധാരണകൾ, മൂല്യങ്ങൾ, മനോഭാവങ്ങൾ എന്നിവ മികവാർന്ന രീതിയിൽ കൈവരിക്കാൻ കുട്ടികൾക്ക് കഴിയുന്നുണ്ടോ എന്ന കണ്ടെത്തൽ പ്രധാനമാണ്. പ്രക്രിയാബന്ധിത (process-based) – പ്രവർത്തനാധിഷ്ഠിത (action-based) പഠനപ്രവർത്തനങ്ങളിൽ ഒറ്റയ്ക്കും കൂട്ടായും |

| | | | |
|---|---|---|---|
| | | | നടത്തുന്ന വിവിധങ്ങളായ പഠനരീതികളിൽ വികാസപ്രദ വിലയിരുത്തലുമായി ബന്ധപ്പെടുത്തി എന്തെല്ലാം മാറ്റം വരുത്തണമെന്ന മാർഗരേഖ വികസിപ്പിക്കുന്നതാണ്. |
| (സി) | പൊതുവിദ്യാഭ്യാസ രംഗത്തെ അക്കാദമിക നിലവാരം അന്താരാഷ്ട്രതലത്തിലേയ്ക്ക് ഉയർത്തുന്നതോടൊപ്പം മാതൃഭാഷയായ മലയാളം ഉൾപ്പെടെയുള്ള ഭാഷകളിലെ പരിജ്ഞാനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പൊതുവിദ്യാഭ്യാസ രംഗത്തെ അക്കാദമിക നിലവാരം ഉയർത്തുന്നതിനായി അധ്യാപക പരിശീലനങ്ങളിൽ ഓരോ വിഷയത്തിലും കാലികമായി ഉള്ളടക്കം പരിഷ്കരിക്കാറുണ്ട്. പാഠ്യപദ്ധതി പരിഷ്കരണം 2026 ൽ പൂർത്തിയാകുന്ന മുറയ്ക്ക് മാതൃഭാഷയെ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുന്നതിനുള്ള പഠന, ഗവേഷണ പ്രവർത്തനങ്ങൾ പൂർത്തിയാകും. മലയാളം ഉൾപ്പടെയുള്ള ഭാഷകളുടെ പരിജ്ഞാനം മെച്ചപ്പെടുത്തുന്നതിന് വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരികയാണ്. സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. പുതുക്കിയ പാഠ്യപദ്ധതി പ്രകാരം 1, 2 ക്ലാസുകളിൽ ഭാഷാവിഷയങ്ങളിൽ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് പ്രവർത്തന പുസ്തകങ്ങൾ കൂടി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ എസ്.എസ്.കെ. യുടെ നേതൃത്വത്തിൽ അക്കാദമിക നിലവാരം ഉയർത്തുന്നതിന് നിരവധി പരിപാടികൾ നടന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ